## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 135.**

28.10.2019 ൽ
മറുപടിക്ക്

### പിങ്ക് പോലീസ്

| ചോദ്യം | മറുപടി |
|---|---|
| **ഡോ.എം. കെ. മുനീർ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| **(എ)** പിങ്ക് പോലീസിന്റെ ഉപയോഗത്തിന് സർക്കാർ നൽകുന്ന എ.സി. വാഹനങ്ങളിൽ നിയമിക്കപ്പെടുന്ന വനിതാ പോലീസുകാരായിട്ടുള്ളവർക്ക് ഒരു നിശ്ചിത കാലപരിധിയ്ക്ക് ശേഷം തുടർ സേവനത്തിന് പകരം മറ്റൊരു സേനാംഗത്തിന് പ്രസ്തുത സേവനത്തിനുള്ള അവസരം ഉണ്ടാക്കാൻ ആവശ്യമായ മാനദണ്ഡം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | **(എ)** സർക്കാർ സർവ്വീസിലെ ജനറൽ ട്രാൻസ്ഫർ ഉത്തരവുകളുടെ മാനദണ്ഡം പിങ്ക് പോലീസിലെ ജീവനക്കാർക്കും സാധാരണഗതിയിൽ ബാധകമാണ്. ആയതിനാൽ മറ്റ് വനിതാ പോലീസുദ്യോഗസ്ഥർക്കും ഇതിൽ പ്രവർത്തിക്കാൻ അവസരം ലഭ്യമാണ്. |
| **(ബി)** അവ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഒരേ സേനാംഗങ്ങൾ തന്നെ സ്ഥിരമായി എ.സി. വാഹനത്തിലുള്ള ഈ ഡ്യൂട്ടിക്ക് നിയോഗിക്കുന്നത് ഒഴിവാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ ? | **(ബി)** ജനറൽ ട്രാൻസ്ഫർ കാലയളവിൽ ഇത്തരം കാര്യങ്ങൾ പരിശോധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ